■ *മാറ്റൊലി*

**ഇഹ്സാൻ**

# പാവം ആചാര്യന്മാർ

***ഗുജറാത്ത്*** കൂട്ടക്കൊല നടത്തിയവർ ഹിന്ദുമതത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ ഉൾക്കൊള്ളാത്തവരാണെന്ന് ശ്രീശ്രീ രവിശങ്കർ അഭിപ്രായപ്പെട്ടിരിക്കുന്നു. നരേന്ദ്രമോഡി കപടഹിന്ദുവാണെന്ന് ഉമാഭാരതിയും പ്രസ്താവനയിറക്കിയിട്ടുണ്ട്. നമുക്കിടയിലെ കപടന്മാരെ തിരിച്ചറിയാൻ അവസരം നൽകുന്നു എന്നതൊഴിച്ചാൽ ഗുജറാത്ത് ദുരന്തത്തെ കുറിച്ച പുതിയ വെളിപ്പെടുത്തലുകൾ സമൂഹത്തിൽ യാതൊരു ചലനവും സൃഷ്ടിക്കുന്നില്ല എന്നതാണ് വാസ്തവം. വർഷങ്ങളായി നമുക്കറിയുന്ന സത്യങ്ങൾ മാത്രമായിരുന്നു *തെഹൽക* ആവർത്തിച്ചത്. പക്ഷേ 'ആർട്ട് ഓഫ് ലിവിംഗ്' എന്ന പേരിൽ അറിയപ്പെടുന്ന ജീവിതരീതിയുടെ പ്രയോക്താവായ രവിശങ്കർ *തെഹൽക*യുടെ വെളിപ്പെടുത്തലുകൾ കേട്ട് നടുങ്ങിയത്രെ. ഗുജറാത്ത് നരമേധത്തിനു പിന്നിൽ ആരായിരുന്നുവെന്ന് പാവം രവിശങ്കറിന് ഇത്രയും കാലം ഊഹിക്കാൻ പോലും കഴിഞ്ഞിട്ടുണ്ടാവില്ല. ഈ കൂട്ടക്കൊല നടത്തിയത് ഐ.എസ്.ഐ ആയിരിക്കും എന്നാണ് അദ്ദേഹം ഇതുവരെ ധരിച്ചുവെച്ചതെന്ന് തോന്നുന്നു. 'കൊലയാളികൾ ഹിന്ദുക്കൾ ആണെങ്കിൽ' എന്ന അദ്ദേഹത്തിന്റെ പദപ്രയോഗത്തിൽ ഒരുപാട് സൂചനകളുണ്ട്. 'കൊലയാളികൾ ആർ.എസ്.എസ്സുകാരാണെങ്കിൽ' അതല്ലെങ്കിൽ 'വി.എച്ച്.പിക്കാരാണെങ്കിൽ' എന്നും മറ്റും പറയുമ്പോൾ ഇതുപോലുള്ള പ്രസ്താവനകളിൽ വെളിപ്പെടുന്ന ഒരുതരം രാഷ്ട്രീയപരമായ 'അറിവില്ലായ്മ'യുണ്ട്. അതേസമയം സംഭവത്തിന്റെ അടിസ്ഥാനം ഹിന്ദു-മുസ്‌ലിം വർഗീയസംഘർഷമാണെന്ന കാര്യം പോലും ഇദ്ദേഹത്തിന് അറിയില്ലായിരുന്നുവെന്നാണ് ഒടുവിൽ വ്യക്തമാവുന്നത്. മതത്തിന്റെ ഭാഗത്തുനിന്നാണ് ഈ നിലപാടെങ്കിൽ ഇങ്ങനെയൊരു അഭിപ്രായം ഉമാഭാരതിക്കും രവിശങ്കറിനുമൊക്കെ എന്നേ പറയാമായിരുന്നില്ലേ? ഗുജറാത്ത് നരനായാട്ടിനെ 'ഒരു കവിൾ' അപലപിക്കാൻ *തെഹൽക* ഇല്ലായിരുന്നെങ്കിൽ രവിശങ്കറിനെ പോലുള്ള മഹാന്മാർ കഷ്ടപ്പെട്ടുപോയേനെയെന്ന് ചുരുക്കം.

രവിശങ്കറിന്റെ പ്രസ്താവന സൂക്ഷിച്ച് വായിച്ചാൽ അതിലടങ്ങിയ രാഷ്ട്രീയകാപട്യം പകൽവെളിച്ചം പോലെ വ്യക്തമാവുന്നുണ്ട്. ഗുജറാത്ത് കലാപത്തെ കുറിച്ച സത്യം പുറത്തുകൊണ്ടുവന്ന *തെഹൽക* റിപ്പോർട്ടറെ അഭിനന്ദിച്ചുകൊണ്ട് ശ്രീശ്രീ പറയുന്ന ചില കാര്യങ്ങൾ ശ്രദ്ധിക്കുക. ദൽഹിയിലെ സിഖ്‌വിരുദ്ധ കലാപത്തെ കുറിച്ചും നക്സലൈറ്റ് ആക്രമണങ്ങളെ കുറിച്ചുമൊക്കെ ഇതേപോലുള്ള റിപ്പോർട്ടുകൾ പുറത്തുകൊണ്ടുവരാനും അദ്ദേഹം തയാറാവണമത്രെ. ഗുജറാത്ത് കലാപത്തെ കുറിച്ച് ചോദിക്കുമ്പോഴൊക്കെ സിഖ്‌വിരുദ്ധ കലാപത്തെ കുറിച്ച് മറുപടി പറയുന്ന ശീലം ആരുടേതാണെന്ന് രവിശങ്കറിന് അറിയാത്തതാവില്ല. കോൺഗ്രസ്സിനേക്കാൾ 'തങ്ങൾ അത്ര മോശമൊന്നുമല്ല' എന്ന മട്ടിൽ നടത്തുന്ന ഈ ന്യായീകരണം ഇപ്പോൾ എഴുന്നള്ളിക്കേണ്ട കാര്യമെന്തുണ്ട്? സിഖു കൂട്ടക്കൊലയിൽ കുറ്റാരോപിതരായ എച്ച്.കെ.എൽ ഭഗത്തിനെയും സജ്ജൻകുമാറിനെയും മുഖ്യമന്ത്രിവേഷം കെട്ടിച്ച് വീണ്ടും നാട്ടുകാരുടെ മുഖത്തടിക്കുകയായിരുന്നില്ല കോൺഗ്രസ് ചെയ്തത്. മാത്രവുമല്ല സിഖുകലാപത്തെ കുറിച്ച കേസുകൾ രാജീവ് ഗാന്ധിയോ നരസിംഹറാവുവോ മൻമോഹൻ സിംഗോ തേച്ചുമായ്ച്ചു കളയാൻ ശ്രമിച്ചതായും ആരോപണമില്ല. സിഖുകലാപത്തെ കുറിച്ച് ഇനിയുമെന്താണാവോ അറിയാനുള്ളത്? നക്സലൈറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും ഈ ആശയക്കുഴപ്പമുണ്ട്. ആക്രമണം നടത്തിയത് നക്സലൈറ്റുകളല്ല എന്ന് അറിയാഞ്ഞിട്ടോ അവരെ സംരക്ഷിക്കണമെന്ന് ടി.ഡി.പിയോ രാജശേഖര റെഡ്ഢിയോ ആഗ്രഹിക്കുന്നതുകൊണ്ടോ അല്ല ആന്ധ്രയിൽ പീപ്പിൾസ് വാർ ഗ്രൂപ്പിന്റെ പ്രവർത്തകർക്കെതിരെ നടപടിയെടുക്കാത്തത്. അവരെ പിടികൂടാൻ പോലീസിന് കഴിയാത്തതുകൊണ്ടാണ്. എന്നല്ല എണ്ണമറ്റ പോലീസുകാർ നക്സലൈറ്റുകൾക്കെതിരെ പോരാടി മരണം വരിച്ചിട്ടുമുണ്ട്. നരേന്ദ്രമോഡിയുടെ നാട്ടിലെ രീതിയനുസരിച്ചാണെങ്കിൽ പോലീസ് നക്സലൈറ്റുകളുടെ ഒപ്പം പോവുകയാണല്ലോ വേണ്ടിയിരുന്നത്. ആന്ധ്രയിൽ മാത്രമല്ല മധുകോഡ ഭരിക്കുന്ന ഝാർഖണ്ഡിലും രമൺസിംഗിന്റെ ഛത്തീസ്ഗഢിലും എൻ.ഡി.എ സഖ്യകക്ഷിയായ നിധീഷ് കുമാറിന്റെ ബിഹാറിലുമൊക്കെ നക്സലൈറ്റുകൾ വിലസുന്നുണ്ട്. അവിടെയൊക്കെ പോയി *തെഹൽക* റിപ്പോർട്ടർ എന്തുചെയ്യണമെന്നാണ് പറഞ്ഞുവരുന്നത്?

എല്ലാ വർഗീയ കലാപങ്ങളെയും കൊലപാതകങ്ങളെയും ഒരു ചരടിൽ കോർത്തുകെട്ടി സംഘ്പരിവാറിന്റെ മുഖം തൂക്കുന്ന ഈ ഏർപ്പാടാണ് രവിശങ്കറിലെ കാഷായത്തിന്റെ ഒറിജിനൽ ബ്രാൻഡ് ഏതെന്ന് വെളിപ്പെടുത്തുന്നത്. ഗുജറാത്ത് കലാപത്തെ കുറിച്ച് സംസാരിക്കേണ്ടിവരുമ്പോഴെല്ലാം ഹിന്ദുസംഘടനകൾ സ്വീകരിച്ചുവരാറുള്ള ചില പൊതുരീതികളിൽ പെട്ടതാണിത്. പകൽവെളിച്ചത്തിൽ, ടി.വി ക്യാമറകൾക്കു മുമ്പിലാണ് നരേന്ദ്രമോഡിയും അനുയായികളും അഴിഞ്ഞാടിയതെങ്കിലും സംഭവവുമായി തങ്ങൾക്ക് ഒരു ബന്ധവുമില്ലെന്ന നിലപാടാണ് പൊതുവെ സംഘ്പരിവാറിന്റേത്. ബി.ജെ.പിയല്ല ജനക്കൂട്ടമാണ് ചെയ്തത്, ആക്രമണമല്ല പ്രത്യാക്രമണമായിരുന്നു നടന്നത്, കലാപമല്ല ഗോധ്രാനന്തര സംഭവമാണ് ഉണ്ടായത്, ആർ.എസ്.എസ്സിന് ഇക്കാര്യത്തിൽ ഒരു പങ്കുമില്ല തങ്ങൾ ഒരു സാമൂഹിക സംഘടനയാണ്, കൊലയാളികൾ ഹിന്ദുക്കളല്ല സാമൂഹികവിരുദ്ധരാണ് എന്നു തുടങ്ങിയ 'ക്ലീഷേ'കൾ കഴിഞ്ഞ അഞ്ചു വർഷമായി ഇവർ നിർലജ്ജം ഉദ്ധരിക്കുന്നുണ്ട്. സംഭവത്തെ കുറിച്ച് മുഴുവൻ ലോകത്തിനും ലഭിച്ച അറിവുകളെയാണ് ഈ വക ഞൊണ്ടിന്യായങ്ങൾ എഴുന്നള്ളിച്ച് ഇവർ പരിഹസിച്ചുകൊണ്ടിരുന്നത്. ഗുജറാത്തിനെ കുറിച്ച ഒരു സീരിയലിൽ അഭിനയിക്കാൻ ആവശ്യപ്പെട്ട് ആജ്തക് റിപ്പോർട്ടർ നൽകിയ തിരക്കഥ വായിക്കുക മാത്രമാണ് താൻ ചെയ്തത് എന്ന വാദവുമായി ഗുജറാത്ത് പബ്ലിക് പ്രോസിക്യൂട്ടർ അരവിന്ദ് പാണ്ട്യ നൽകിയ മാനനഷ്ടക്കേസ് ഉദാഹരണം. തന്നെയും അഭിനയിപ്പിച്ചതായിരുന്നുവെന്ന വാദവുമായി ബാബു ഭജ്‌രംഗിക്കും കോടതി കയറാവുന്നതേ ഉള്ളൂ. പ്രതിഫലം നൽകാതെ അഭിനയിപ്പിച്ചതിന് ഗുജറാത്തിലെ ഏതെങ്കിലുമൊരു മുൻസിഫ് കോടതി ആജ്തകിനും *തെഹൽക*ക്കുമെതിരെ ഏതു സമയത്തും നോട്ടീസയക്കുകയും ചെയ്തേക്കാം.

ഈ കോമാളിക്കൂട്ടത്തിലാണ് രവിശങ്കർ കക്ഷിചേരുന്നത്. കഴിഞ്ഞ അഞ്ചുവർഷമായി ഗുജറാത്തിനെ കുറിച്ച് കേട്ടറിവുപോലുമില്ലാത്ത മട്ടിൽ ജീവിച്ച ഇദ്ദേഹം *തെഹൽക*യുടെ വെളിപ്പെടുത്തലിനെ തുടർന്ന് പൊടുന്നനെ വികാരവിക്ഷുബ്ധനാവേണ്ട കാര്യമെന്തായിരുന്നു? യോഗികൾ ടെലിവിഷൻ കാണാറില്ല എന്ന മട്ടിലങ്ങ് ജീവിച്ചാൽ പോരായിരുന്നോ? അദ്ദേഹത്തിന്റെ സ്വന്തം ജീവിതത്തിന്റെ 'ആർട്ടി'ൽ അമേരിക്കയിൽനിന്നും യൂറോപ്പിൽനിന്നുമുള്ള വരുമാനത്തിന് അതിയായ പ്രാധാന്യമുണ്ട് എന്നിടത്താണ് കാര്യങ്ങളുടെ കിടപ്പ്. സംഘ് സഹയാത്രികനെന്ന പ്രതിഛായ മാറ്റിയെടുത്തില്ലെങ്കിൽ അങ്ങോട്ടേക്കുള്ള വഴികൾ അടഞ്ഞുപോകുമോ എന്ന ഭയമായിരിക്കണം ഇപ്പോൾ ഹിന്ദുമതത്തെ കുറിച്ചും ധാർമികനീതിയെ കുറിച്ചും പ്രസ്താവനയിറക്കാൻ ശ്രീശ്രീയെ പ്രേരിപ്പിച്ചിട്ടുണ്ടാവുക.

ജനാധിപത്യസമൂഹത്തിന്റെ ഉത്തരവാദിത്വങ്ങളും ബാധ്യതകളും അതേപടി ബാക്കിയുണ്ടെന്ന് *തെഹൽക* ഓർമിപ്പിച്ചുവെങ്കിലും ആരെയാണ് അത് അസ്വസ്ഥപ്പെടുത്തുക? പുതിയ വെളിപ്പെടുത്തലുകൾ സംഘ്പരിവാറിനെ ലജ്ജിപ്പിക്കാൻ പോലുമിടയില്ല. മറിച്ച് അവരുടെ വിവിധ ഘടകങ്ങൾക്ക് ആവേശം പകരാൻ മാത്രമാണ് അത് സഹായിക്കുക. മുസ്‌ലിം ഗർഭിണിയുടെ വയർ ഗുജറാത്തിലെ സഖാക്കൾ പിളർത്തിയെന്ന കഥ പാർട്ടി നേതാക്കൾ നിഷേധിച്ച കാലത്ത് അകമേ ദുഃഖിച്ചിട്ടുണ്ടാവുന്ന പലർക്കും ഒടുവിൽ അക്കഥ സത്യമാണെന്ന് വന്നതിലെ ആഹ്ലാദം മാത്രമാവുകയാണ് *തെഹൽക* കണ്ടെത്തൽ. സംഘ് പരിവാറിനെ സംബന്ധിച്ചേടത്തോളം അതിലപ്പുറം മറ്റൊരു പ്രാധാന്യവും ഈ കണ്ടെത്തലിന് ഇല്ല. ■